# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

VOL. LII - JK 26 2019 FEBRUARY 25 No. 4


## PASTORAL LETTER

# വിശുദ്ധ നോമ്പുകാലം 2019

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

അനുതാപത്തിന്റെയും അനുരഞ്ജനത്തിന്റെയും സന്ദേശവുമായി നിർമ്മലമായൊരു നോമ്പുകാലംകൂടി ആഗതമാകുകയാണ്. ചെറുതാകലിന്റെയും പങ്കുവയ്ക്കലിന്റെയും കഥ പറയുന്ന പെസഹാ വ്യാഴവും, ശൂന്യവൽക്കരണത്തിന്റെ ആഴം വെളിപ്പെടുത്തുന്ന ദുഃഖവെള്ളിയും, ഇനിയും ജീവിക്കാൻ കരുത്തേകുന്ന ഈസ്റ്ററും ക്രിസ്തുരഹസ്യങ്ങളുടെ കാതലായി നമ്മുടെയോരോരുത്തരുടെയും വിചാരങ്ങളിലേക്കും വിചിന്തനങ്ങളിലേക്കും പ്രവേശിക്കും. നവീകരിക്കപ്പെട്ട മനസ്സോടും ഹൃദയത്തോടും കൂടി ഈ രക്ഷാകരരഹസ്യങ്ങളാഘോഷിക്കാൻ, ക്രിസ്തുവിൽ പുതിയൊരു ജീവിതം തുടങ്ങാൻ നാം യാത്ര തുടങ്ങും.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ ഈ വർഷത്തെ നോമ്പുകാല സന്ദേശം നാല്പതു രാപ്പകലുകളിലൂടെ സഞ്ചരിക്കുവാൻ പ്രതീക്ഷയേകുന്ന വിചാരമാണ്. വിശുദ്ധ പൗലോസ് അപ്പോസ്തലൻ റോമാക്കാർക്ക് എഴുതിയ ലേഖനത്തിലെ എട്ടാം അധ്യായം ഇരു

പത്തി ഒൻപതാം വചനമാണ് സന്ദേശത്തിന് ആധാരം. "സൃഷ്ടപ്രപഞ്ചം ദൈവമക്കളുടെ വെളിപ്പെടുത്തലിനെ ആകാംഷയോടെ കാത്തിരിക്കുന്നു." രക്ഷയ്ക്കുവേണ്ടിയുള്ള കാത്തിരിപ്പിനെപ്പറ്റി പ്രതിപാദിക്കുന്ന അതീവലാവണ്യമുള്ള ചിന്തയാണിത്. ക്രൈസ്തവർ മാത്രമല്ല പ്രപഞ്ചം മുഴുവൻ സ്വാതന്ത്ര്യത്തിനായി കാത്തിരിക്കുന്നു എന്നതാണ് ഈ വാക്കുകളുടെ സാരം. പ്രപഞ്ചത്തിന്റെ ഈറ്റുനോവും നെടുവീർപ്പും പലവിധത്തിലാണ് പ്രകടമാകുന്നത്. പ്രകൃതിക്ഷോഭങ്ങളും, പകർച്ചവ്യാധികളും, പട്ടിണിയും, മരണവും യുദ്ധവുമെല്ലാം മനുഷ്യനും പ്രകൃതിയും കടന്നുപോകുന്ന വേദനാജനകമായ അവസ്ഥയെ അനാവരണം ചെയ്യുന്നു. അനുരഞ്ജനത്തിന്റെയും അനുതാപത്തിന്റെയും സൗഖ്യദായക ശക്തിക്കു മാത്രമേ പാപത്തിന്റെ നശീകരണശക്തിയിൽ നിന്നും മനുഷ്യനും പ്രപഞ്ചത്തിനും മോചനം നേടിത്തരാനാകുകയുള്ളൂ എന്നാണ് പാപ്പായുടെ സന്ദേശത്തിന്റെ ചുരുക്കം.

ഈ വർഷത്തെ നോമ്പുകാല യാത്രയെ ദീപ്തമാക്കാൻ മൂന്നു ചെറു ചോദ്യങ്ങൾ മാത്രം മനസ്സിൽ സൂക്ഷിക്കാം.

## 1. ഞാൻ എവിടെയാണ്

ആദത്തെ വേട്ടയാടുന്ന വേദഗ്രന്ഥത്തിലെ ആദ്യ ചോദ്യം നീ എവിടെയാണ് എന്നാണ്. ദൈവത്തിന്റെ ഒപ്പം നടന്നൊരാൾ കണ്ണഞ്ചിപ്പിക്കുന്ന കനിയിൽ കുരുങ്ങി, അപരാധത്തിന് വഴങ്ങിയ നിമിഷം മുതൽ ഒരു ചെറുവൃക്ഷത്തിന്റെ പിന്നിലൊളിക്കുംവിധം ചെറിയവനായിപ്പോയി. ദൈവത്തിന്റെ കണ്ണിൽ നോക്കിനിൽക്കാനുള്ള ആത്മവിശ്വാസം നഷ്ടമായി. പാപം നിന്നെ എപ്പോഴും ചുരുക്കിക്കൊണ്ടേയിരിക്കുമെന്നൊരു ചൊല്ല് ഇവിടെ പ്രസക്തമാണ്. ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ആദത്തിനു പകരം നമ്മുടെയോരോരുത്തരുടെയും പേര് വിളിച്ചും ഇതേ ചോദ്യം ആവർത്തിക്കപ്പെടും. കണ്ണിന് കുളിർമ്മയേകുന്നതും. കൗതുകമേകുന്നതും, കീഴ്പ്പെടുത്തുന്നതുമായ ചിലതിലും ചില വ്യക്തികളിലും അഭിരമിക്കുമ്പോൾ ഒളിച്ചു കളിയില്ലാതെ ഓടിപ്പോകാതെ ദൈവത്തെയും മനസ്സാക്ഷിയേയും അഭിമുഖീകരിക്കുവാനുള്ള ആത്മബലം നമുക്കുണ്ടാകുമോ.

"എനിക്കിതെല്ലാം വേണം, എനിക്കിതിപ്പോൾ വേണം, എനിക്കിത് മതിയാകുന്നില്ല" എന്ന ഈ നൂറ്റാണ്ടിന്റെ ഭ്രമവുമായി പായുകയാണ് പലരും. പണത്തിനുവേണ്ടിയും പേരിനുവേണ്ടിയും പ്രശസ്തിക്കുവേണ്ടിയുമുള്ള ഓട്ടപന്തയങ്ങളിൽ മുതിർന്നവർ വ്യാപരിക്കുമ്പോൾ, ചെറിയ മക്കൾ ഗൂഗിളിലൂടെ വലിയ ലോകം വിൽത്തുമ്പിലെത്തിക്കുന്നു. വിലക്കപ്പെട്ട കനി കാലം മാറുമ്പോൾ വിവിധ രൂപങ്ങളിൽ അവതരിക്കുമെന്ന് ആരും മറക്കരുത്. ഇന്റർനെറ്റിന്റെ അതിവേഗ ഓഫറുകളിൽ അമിതമായി ആനന്ദിച്ച് തനിച്ചൊരു മുറിയിലിരിക്കുമ്പോൾ നിങ്ങളുടെ മൊബൈൽ സ്ക്രീനിൽ പോലും ചോദ്യം ആവർത്തിക്കപ്പെടും നീ എവിടെയാണ്.

## 2. എന്റെ വീട് എങ്ങിനെയാണ്

ഈ നോമ്പുകാലത്തെ നിർമ്മലമാക്കേണ്ട നിർണ്ണായക ഘടകമാണ് വീട്. അനുകൂലമായൊരു കാലാവസ്ഥ നൽകി അനുധാവനം ചെയ്യുന്ന വിരലിലെണ്ണാവുന്നവർ മാത്രമേ ഓരോ വീട്ടിലുമുള്ളൂ. പക്ഷേ പരസ്പരമുള്ള ആത്മബന്ധത്തിന്റെ ആഴം എത്രയെന്ന് ഓരോരുത്തരും ഗൗരവമായി ആലോചന നടത്തേണ്ടിയിരിക്കുന്നു. "നിന്റെ സഹോദരൻ എവിടെയാണ്. കായേനോട് കർത്താവ് ചോദിച്ച ഈ ചോദ്യം നമ്മുടെ വീട്ടിലുള്ളവരെക്കുറിച്ചും ചോദിക്കപ്പെടും. കൂടെ സഞ്ചരിക്കുന്ന, കൂടെ ഭക്ഷണത്തിനിരിക്കുന്ന, കൂടെ ദേവാലയത്തിലിരിക്കുന്നവരെല്ലാം ശരിക്കും കൂടെയുണ്ടോ? ഒന്നും രണ്ടും മൂന്നും തവണയൊക്കെ ഈ ചോദ്യം ആവർത്തിക്കപ്പെടുമ്പോൾ ഉത്തരം പറയാനാവാത്തവിധത്തിൽ നാം നിശബ്ദരാകുന്നുവെങ്കിൽ പുറത്തേക്കുള്ള യാത്രകളൊക്കെ അവസാനിപ്പിച്ച് വീടിനകത്തേയ്ക്ക് തിരിച്ചുവരാൻ സമയമായെന്ന് ചുരുക്കം. വാർദ്ധക്യത്തിന്റെ ഉത്തരവാദിത്വമില്ലായ്മയിൽ, ദാമ്പത്യബന്ധങ്ങളുടെ അവിശ്വസ്തതകളിൽ, യൗവ്വനത്തിന്റെ വർണ്ണക്കാഴ്ചകളിൽ കുടുങ്ങി പ്രിയമുള്ളവർക്കിടയിൽ അകലങ്ങൾ  വന്നുപോയിട്ടുണ്ടെങ്കിൽ പരിത്യാഗത്തിന്റെ ഈ തപസ്സുകാലത്ത് ബന്ധങ്ങളെ കുറച്ചുകൂടി ഊഷ്മളമാക്കാനുള്ള ഉറച്ച തീരുമാനം എടുത്തേ പറ്റൂ. വാട്സാപ്പും, ഫെയ്സ്ബുക്കും, ഇൻസ്റ്റഗ്രാമും ബന്ധങ്ങൾക്കിടയിൽ വിഘ്നാതമാകാതിരിക്കാൻ ഓരോരുത്തരും ബോധപൂർവ്വം ശ്രമിക്കണം. അല്ലെങ്കിൽ വീടിനക

ത്തേക്ക് ഹൃദയംകൊണ്ടുള്ള വഴി പതിയേ ഓരോരുത്തരും മറന്നു തുടങ്ങും.

### 3. പ്രകൃതിയോടുള്ള എന്റെ അടുപ്പം എങ്ങനെയാണ്

മനുഷ്യരോടും മൃഗങ്ങളോടും മണ്ണിനോടും മരങ്ങളോടും കിളികളോടും പുഴകളോടും അടുപ്പം സൂക്ഷിച്ച അസ്സീസിയിലെ ഫ്രാൻസീസിന്റെ പ്രകൃതിയെക്കുറിച്ചുള്ള കീർത്തനം പരിശുദ്ധ പിതാവ് നോമ്പുകാലസന്ദേശത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതുതന്നെ പ്രപഞ്ചത്തിലേക്കുള്ള നമ്മുടെ ശ്രദ്ധ ക്ഷണിക്കാനാണ്. ഒരു പ്രളയത്തിന് ശേഷമുള്ള നോമ്പുകാലത്തിലേക്കാണ് നാം പ്രവേശിക്കുക. ഉൽപ്പത്തിയുടെ പുസ്തകത്തിൽ പ്രളയം തുടങ്ങുന്നതിനുമുമ്പേ പൂർവ്വപിതാവായ നോഹ ജീവജാലങ്ങളുടെ ഓരോ ജോഡിയേയും പെട്ടകത്തിനുള്ളിലേക്ക് കയറ്റിയെന്നതും മനുഷ്യർക്കൊപ്പം പ്രളയത്തെ അതിജീവിക്കാൻ അവരെ സഹായിച്ചുവെന്നതും പലയാവർത്തി മനസ്സിരുത്തി വായിക്കേണ്ടതാണ്. പ്രകൃതിയുടേയും മനുഷ്യന്റേയും നിലനിൽപ്പ് പരസ്പരപൂരകങ്ങളാണ്. ജലവും വായുവും ജീവജാലങ്ങളുമൊക്കെ അപകടകരമായ അവസ്ഥകളിലൂടെ കടന്നു പോകുന്നത് ഒരു ബെഡ്കോഫിക്കൊപ്പം വായിക്കേണ്ട കേവല വാർത്തകളായി ചുരുങ്ങരുത്. നാം ഈ ദേവാലയത്തിലിരിക്കുന്ന നേരത്തു പോലും ഒരു തുള്ളി വെള്ളം കിട്ടാതെയും ശുദ്ധവായു ശ്വസിക്കാതെയും ആയിരങ്ങളുടെ ശ്വാസം നിലച്ചുകൊണ്ടിരിക്കുന്നു എന്നതും നാം മറക്കരുത്.

ടെക്നോസിറ്റികളും അതിവേഗ മെട്രോകളും നാഗരികതയുടെ വളർച്ചയുടെ അടയാളങ്ങളായി കാണപ്പെടുന്നത് നല്ലത്. പക്ഷേ അതിനിടയിൽ ജീവജാലങ്ങളും ജലവും വായുവും സുരക്ഷിതമാണെന്നുകൂടി നാം ഉറപ്പുവരുത്തണം. പ്രകൃതിയെ സ്നേഹിക്കുന്നത് പ്രാണനെ സ്നേഹിക്കുന്നതിന് തുല്യമാണെന്നത് ഈ നൂറ്റാണ്ടിന്റെ സുവിശേഷമായി നാം പുനർവായിക്കണം. ചെറിയ കെട്ടിടങ്ങളുടെ നിർമ്മാണം മുതൽ വലിയ കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ നവീകരണത്തിൽ വരെ പ്രകൃതിയെ മുറിവേല്പിക്കുന്നതൊന്നും നമ്മുടെ പ്ലാനിംഗുകളിൽ കടന്നു കയറുന്നില്ലെന്ന് നാം ഉറപ്പുവരുത്തണം. വരും തലമുറയുടെ നിലനില്പിനാവശ്യമായതെല്ലാം കരുതിവെച്ചുകൊണ്ടായിരിക്കണം

വർത്തമാനകാലം ആവശ്യങ്ങൾ നിറവേറ്റണ്ടതെന്നാണ് പ്രകൃതിപാഠങ്ങളുടെ ചുരുക്കം.

ഞാൻ എവിടെയാണ്, എന്റെ വീട് എങ്ങനെയാണ്, പ്രകൃതിയോടുള്ള എന്റെ അടുപ്പം എങ്ങനെയാണ് എന്ന ഈ മൂന്ന് ചെറു ചോദ്യങ്ങൾക്ക് സത്യസന്ധമായൊരു ഉത്തരം കൊടുക്കാനാവും വിധം നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്തിയാൽ ഒരു ഉയിർത്തെഴുന്നേൽപ്പ് നമ്മുടെ ഉള്ളിൽ സംഭവിക്കും. ഉയിർത്തെഴുന്നേറ്റ നല്ല മനുഷ്യരായി ഉയിർത്തെഴുന്നേൽക്കുന്ന ക്രിസ്തുവിനെ ദർശിക്കാനാകും.

ഈസ്റ്റർ പുറത്ത് സംഭവിക്കുന്ന ഒന്നല്ലെന്നും അകത്ത് സംഭവിച്ചു തുടങ്ങേണ്ട ഒന്നാണെന്നുമുള്ള തിരിച്ചറിവ് ഈ നോമ്പുകാലത്ത് നമ്മെ ഉണർത്തട്ടെ. പ്രാർത്ഥനയും, പരിത്യാഗവും, ദാനധർമ്മങ്ങളും ഈ നാൽപത് രാപ്പകലുകളിൽ ഈ യാത്രയ്ക്ക് പാഥേയമാകട്ടെയെന്ന് ഞാൻ ആശംസിക്കുന്നു.

എനിക്ക് നിങ്ങളോടുള്ള പൈതൃകസ്നേഹത്തിന്റെ അടയാളമായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഹൃദയപൂർവ്വം ഞാൻ ആശീർവദിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസന മന്ദിരത്തിൽ നിന്നും 2019 ഫെബ്രുവരി 25-ാം തീയതി.

എറണാകുളം | ✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
25.02.2019 | വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

---

N.B.: **ഈ ഇടയലേഖനം 2019 മാർച്ച് 3-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.**

## സർക്കുലർ - 7

# പെസഹാകാല കടമകൾ

തിരുസഭയുടെ കല്പനകളിൽ പ്രധാനപ്പെട്ടവയാണ് കുമ്പസാരത്തേയും വിശുദ്ധ കുർബ്ബാനസ്വീകരണത്തേയും സംബന്ധിച്ചുള്ളവ. അതേപറ്റി കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം പറയുന്നത് ഇപ്രകാരമാണ്. "യോഗ്യമായ ഒരുക്കത്തോടെ വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുമ്പോൾ വിശുദ്ധ കുർബ്ബാന സ്വീകരിക്കണമെന്നാണ് സഭ വിശ്വാസികളോട് ആവശ്യപ്പെടുന്നത്. ചുരുങ്ങിയത് ഉയിർപ്പുതിരുനാളിലെങ്കിലും വിശ്വാസികൾ വിശുദ്ധകുർബ്ബാന സ്വീകരിക്കണം". (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം നമ്പർ 290). തിരിച്ചറിവിന്റെ പ്രായമെത്തിയ ഓരോ വിശ്വാസിയും വർഷത്തിലൊരിക്കലെങ്കിലും മാരക പാപങ്ങൾ ഏറ്റുപറഞ്ഞു കുമ്പസാരിക്കാൻ കടപ്പെട്ടിരിക്കുന്നു.

മേൽപ്പറഞ്ഞ കടമകൾ നിറവേറ്റുന്നതിന് വിശ്വാസികൾക്കു സൗകര്യം ലഭിക്കുന്നതിനു പതിവുപോലെ ക്ഷാരബുധൻ മുതൽ പെന്തക്കോസ്താതിരുനാൾവരെയുള്ള സമയം ഇതിനായി നിശ്ചയിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഈ കടമകളെക്കുറിച്ചു വിശ്വാസികളെ ഓർമ്മപ്പെടുത്തണം.

എറണാകുളം — ✠ ***ജോസഫ് കളത്തിപ്പറമ്പിൽ***

25.02.2019 — വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

CIRCULAR - 8

## The Chrism Mass

*Dear Rev. Fathers,*

The Liturgy recommends that the Mass of the Chrism concelebrated by the Bishop and his priests, should be manifestation of the fellowship of the priests with their Bishop. In order to show the unity of the presbyterium it is recommended that as many priests as possible of our Archdiocese participate in the Concelebrated Mass of the Chrism at 7.30 am in our St. Francis Assisi Cathedral on Maundy Thursday, April 18th, 2019.

*Yours devotedly in Christ Jesus,*

Ernakulam
25.02.2019

✠ **Joseph Kalathiparambil**
Archbishop of Verapoly

CIRCULAR - 9

## Devotion to St. Joseph

*Dear Rev. Fathers,*

As St. Joseph is the Patron of the Universal Church and also the special Patron of our Archdiocese according to the Rescript of Pope Leo XIII, dated April 1, 1888 his feast on March 19 must be celebrated with due Solemnity.

The highly fruitful devotion to St. Joseph, which has been a special feature of our people from ancient times, has to be kept up with increasing fervour, especially in these days of spiritual ardity and disruption of family life.

I would therefore direct as follows:-

1. The feast should be solemnly celebrated with High Mass, Sermon etc.
2. Wherever possible, a treat to the poor should be arranged.

With cordial blessings,

Ernakulam
25.02.2019

✠ **Joseph Kalathiparambil**
Archbishop of Verapoly

## സർക്കുലർ - 10

*വന്ദ്യവൈദികരെ,*

ഇ.എസ്.എസ്.എസിന്റെ ആശാകിരണം കാൻസർ സുരക്ഷാ പദ്ധതി വിപുലീകരിക്കുന്നതിനും, കാൻസർ ചികിൽസാനിധിയിലേക്ക് കൂടുതൽ തുക സമാഹരിക്കുന്നതിനുമായി 2019 ഏപ്രിൽ 18-ാം തീയതി പെസഹാ വ്യാഴാഴ്ച അതിരൂപതയിലെ എല്ലാ ഇടവകകളിലും വിശുദ്ധ കുർബാന മധ്യേ സ്തോത്രക്കാഴ്ച എടുത്ത് പ്രസ്തുത തുക ഇ.എസ്. എസ്.എസ് ഓഫീസിൽ താമസംവിനാ ഏല്പിക്കണമെന്ന് അറിയിക്കുന്നു.

എറണാകുളം — ✠ ***ജോസഫ് കളത്തിപ്പറമ്പിൽ***

25.02.2019 — വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

## NOTIFICATION - 6

*Dear Rev. Fathers /Sisters,*

**The Archdiocesan Curia will remain closed during the Holy Week, April 14-21, 2019.** The Reverend Parish Priests are kindly requested to inform the people about it. No petitions shall be accepted during these days.

Ernakulam — **Chancellor**

25.02.2019 — Archdiocese of Verapoly

## സർക്കുലർ - 11

# മദ്യവിരുദ്ധ ഞായർ

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

2019 മാർച്ച് 10-ാം തീയതി നാം മദ്യവിരുദ്ധ ഞായറായി ആചരിക്കുന്നു. മദ്യവും മയക്കുമരുന്നും നമ്മുടെ സമൂഹത്തെ നശിപ്പിക്കുന്ന മഹാവിപത്താണ്. മദ്യത്തിന്റെ ഉപയോഗവും ലഭ്യതയും വർദ്ധിച്ചപ്പോൾ കുടുംബനാഥന്മാർ മാത്രമല്ല യുവജനങ്ങളും കുട്ടികളുംവരെ മദ്യപാനമെന്ന അടിമത്ത്വത്തിലേക്ക് വഴുതി വീഴുന്നു.

നമ്മുടെ കുടുംബങ്ങളുടെ തകർച്ചയ്ക്ക് പ്രധാനകാരണമായ മദ്യവും മയക്കുമരുന്നും പാടേ ഉപേക്ഷിക്കുവാനുള്ള തീരുമാനം ഇടവകതലത്തിൽ എടുക്കുവാൻ നമുക്കു സാധിക്കണം. മദ്യവിരുദ്ധ പ്രവർത്തനങ്ങളോടൊപ്പം മദ്യപാനത്തിനും മയക്കുമരുന്നിനും അടിമയായവരെ ചികിത്സിക്കുവാനും ബോധവത്കരണ പരിപാടികളോടൊപ്പം ക്രിയാത്മകമായി ജീവിക്കുവാനുമുള്ള കർമ്മപരിപാടികൾ നാം ആസൂത്രണം ചെയ്യേണ്ടതുണ്ട്. നമ്മുടെ അതിരൂപതയിൽ മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്ന എല്ലാവരെയും ഈ അവസരത്തിൽ പ്രത്യേകം അനുമോദിക്കുന്നു. മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനവും വേണ്ടുന്ന സഹകരണവും നല്കണമെന്ന് നിങ്ങളെ ഞാൻ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

മദ്യവിരുദ്ധ സമിതിയുടെ സംസ്ഥാനസമ്മേളനം 2019 മാർച്ച് 23-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് എറണാകുളം ടൗൺ ഹാളിൽവച്ച് നടത്തപ്പെടുന്നു. ആതിഥേയർ വരാപ്പുഴ അതിരൂപതയാണ് എന്നതിൽ നമുക്ക് അഭിമാനിക്കാം. അതോടൊപ്പം എല്ലാ ഇടവകയിൽനിന്നും 50 പേരിൽ കുറയാതെ ആളുകളെ പങ്കെടുപ്പിക്കുന്നതിൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാരും കുടുംബയൂണിറ്റ് കേന്ദ്രസമിതി പ്രവർത്തകരും ശ്രദ്ധിക്കണമെന്നും എല്ലാ സാമൂഹ്യ ശുശ്രൂഷാ കോഡിനേറ്റർമാരും ഈ പരിപാടിയുടെ വിജയത്തിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തണമെന്നും ഓർമ്മിപ്പിക്കുന്നു. ഓരോ ഇടവകയിലും സ്ഥാപനത്തിലും മദ്യവിരുദ്ധ ഞായർ ഏറ്റവും അർത്ഥവത്തായി സംഘ

ടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം. മദ്യവിരുദ്ധ ഞായർ ദിനാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ അതിരൂപതാ കച്ചേരിയിൽ 2019 ഏപ്രിൽ മാസം 30-ാം തീയതിക്ക് മുമ്പായി ഏല്പിക്കേണ്ടതാണെന്നും ഓർമ്മിപ്പിക്കുന്നു.

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി നല്കുന്ന മദ്യവിരുദ്ധ ഞായർ സന്ദേശത്തിലെ ആശയങ്ങൾ മാർച്ച് 10-ാം തീയതി ഞായറാഴ്ച ദിവ്യബലിമദ്ധ്യേ വിശ്വാസികളെ അറിയിക്കേണ്ടതാണ്.

**പൈതൃകാശീർവാദങ്ങളോടെ, എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്, 2019 ഫെബ്രുവരി 25-ാം തീയതി.**

എറണാകുളം **✠ *ജോസഫ് കളത്തിപ്പറമ്പിൽ***
25.02.2019 വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

# മദ്യവിരുദ്ധ ഞായർ, 2019 മാർച്ച് 10

### മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി
### കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയപ്പെട്ടവരേ,

2019 മാർച്ച് മാസം 10-ാം തീയതി മദ്യവിരുദ്ധ ഞായറായി കേരള കത്തോലിക്കാ സഭ ആചരിക്കുകയാണല്ലോ. വലിയ നോമ്പിലെ രണ്ടാമത്തെ ഞായറാഴ്ചയാണ് മദ്യവിരുദ്ധ ഞായറായി ആചരിച്ചു വരുന്നത്. പ്രാർത്ഥനയ്ക്കും പരിത്യാഗപ്രവൃത്തികൾക്കും ജീവിത നവീകരണത്തിനുമായി പ്രത്യേകം മാറ്റിവച്ചിരിക്കുന്ന വലിയ നോമ്പുകാലത്ത് മദ്യവിരുദ്ധ ഞായർ ആചരിക്കുന്നത് വളരെ പ്രസക്തമാണ്. തഴക്കദോഷങ്ങളിലും ദുഃശീലങ്ങളിലും തിന്മയുടെ സാഹചര്യങ്ങളിലും നിന്ന് വഴി മാറി നടക്കുവാൻ നോമ്പുകാലം ഓരോ വിശ്വാസിയെയും പ്രത്യേ

കമായി ഈ കാലഘട്ടത്തിൽ ഓർമ്മിപ്പിക്കുന്നു. അതിനാൽത്തന്നെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പുകയിലയുടെയും മറ്റ് ലഹരി വസ്തുക്കളുടെയും ഉപയോഗത്തിൽനിന്ന് പൂർണമായും പിന്തിരിയുവാൻ തീരുമാനം എടുക്കാനുള്ള ഉചിതമായ കാലവുമാണിത്. കുടുംബത്തെയും സമൂഹത്തെയും വികലമാക്കുന്ന മദ്യത്തിനും ഇതര ലഹരികൾക്കുമെതിരേ ശക്തമായ ആത്മീയ പോരാട്ടവും ഭൗതികമായ ജാഗ്രതയും ഈ നോമ്പുകാലത്തിന്റെ ഭാഗമാകണം.

ആധുനിക തലമുറയെ കടന്നാക്രമിക്കുന്ന, അവരുടെ യുവത്വത്തിന്റെ ചൈതന്യത്തെ തകർത്തുകളയുന്ന ലഹരി വസ്തുക്കൾ പൂർണമായും ഉപേക്ഷിക്കാനും ലഹരിക്കെതിരേ ശക്തമായ പോരാട്ടം നടത്തുവാനും അതുവഴി ലഹരിവിരുദ്ധ സമൂഹത്തിന് രൂപം നല്കാനുമുള്ള സന്ദേശമാണ് മദ്യവിരുദ്ധ ഞായർ ആചരണത്തിലൂടെ കേരള കത്തോലിക്കാ സഭ ലക്ഷ്യംവയ്ക്കുന്നത്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും മറ്റു ലഹരിവസ്തുക്കളുടെയും ഉപയോഗം ഭീതിജനകമാംവിധം വർദ്ധിച്ചുവരുന്ന സാഹചര്യമാണുള്ളത്. ലഹരിവസ്തുക്കളുടെ അനിയന്ത്രിത ഉപയോഗം കുടുംബബന്ധങ്ങളെ തകർക്കുന്ന അനുഭവം സാധാരണമായിക്കൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ, മദ്യത്തിന്റെയും മറ്റു ലഹരി വസ്തുക്കളുടെയും ലഭ്യതയും ഉപയോഗവും കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സഭ ഏറ്റെടുക്കുന്നത് സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായാണ്. ലഹരി വിരുദ്ധ സമൂഹ രൂപീകരണത്തിലൂടെ സാമൂഹ്യനന്മ സംജാതമാകണമെന്നതാണ് കേരള കത്തോലിക്കാസഭയുടെ ആഗ്രഹം.

വിദ്യാഭ്യാസത്തിലും സംസ്ക്കാരത്തിലും സാമ്പത്തിക നിലവാരത്തിലും ആരോഗ്യപരിപാലന രംഗത്തും അദ്വിതീയമായ നേട്ടങ്ങൾ കൈവരിച്ച കേരള സമൂഹം, ലോകജനതയുടെ പ്രശംസ പിടിച്ചുപറ്റിയിട്ടുള്ളതാണ്. എന്നാൽ, മദ്യത്തോടും പുകയിലയോടും ലഹരിവസ്തുക്കളോടുമുള്ള വർദ്ധിച്ചുവരുന്ന ആസക്തി, അതിന്റെ പരിണിത ഫലമായുണ്ടായ അനാരോഗ്യ സാഹചര്യങ്ങൾ, ധാർമ്മികാധഃപതനത്തെ എടുത്തുകാണിക്കുന്ന ദൗർഭാഗ്യകരമായ സംഭവങ്ങൾ, സാമ്പത്തിക തകർച്ച നേരിടുന്ന കുടുംബങ്ങൾ എന്നിവ കേരള തനിമയുടെയും ആത്മീയതയുടെയും നിറം കെടുത്തുകയും കേരളത്തിന്റെ ആദർശ ശുദ്ധിയും ക്രിയാത്മക ശക്തിയും ഇല്ലാതാക്കുകയും ചെയ്യുന്നുണ്ട്.

മദ്യത്തിന്റെ അനിയന്ത്രിതമായ ഉപയോഗം ഒരു വ്യക്തിയുടെ ശാരീരികാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. മദ്യം മനുഷ്യനെ ഉണർവുള്ളവനാക്കുമെന്നും അവന്റെ പ്രതീക്ഷകളെ അത് ഉണർത്തുമെന്നും ഭീരുവിനെ അത് ധൈര്യപ്പെടുത്തുമെന്നും മൂകപ്രകൃതിയെ വാചാലമാക്കുമെന്നും ന്യായീകരണം പറയുന്ന മദ്യത്തിന്റെ ഉപഭോക്താക്കൾ അതിലടങ്ങിയിരിക്കുന്ന മരണകരമായ അപകടത്തെ ബോധപൂർവം വിസ്മരിക്കുകയാണ്. മദ്യത്തിന്റെ അമിതോപയോഗത്തിലൂടെ ഒരു വ്യക്തിയുടെ രക്തത്തിൽ കലരുന്ന മദ്യം അവന്റെ ആന്തരിക അവയവങ്ങളെ നശിപ്പിക്കുകയും ക്രമേണ ജീവനെത്തന്നെ ഇല്ലാതാക്കുകയും ചെയ്യുന്നു. ഇത് തലച്ചോറിനെയും നാഡീവ്യൂഹത്തെയും മന്ദിപ്പിച്ച് മ്ലാനീഭവിപ്പിക്കുകയും സുബോധവും സൂക്ഷ്മവിവേചനവും ഇല്ലാതാക്കുകയും ചെയ്യുന്നു. മനുഷ്യശരീരത്തിലെ ജീവകങ്ങളെ നശിപ്പിക്കുകയും വൃക്കകളെ തകർക്കുകയും ഞരമ്പുകൾക്ക് കേടുവരുത്തുകയും ചെയ്യുന്ന ലഹരി പലപ്പോഴും മാരകമാകുന്നുണ്ട്.

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം ഒരു വ്യക്തിയെ ദൈവത്തിൽ നിന്ന് അകറ്റുന്നതാണ്. ദൈവം വേണ്ട, ആത്മീയത വേണ്ട എന്ന് ചിന്തിക്കുന്ന സമകാലീക ജ്ഞാനവാദത്തിന്റെ മറ്റൊരു അവസ്ഥയിലേക്ക് ഇവ മനുഷ്യനെ കൊണ്ടുചെന്നെത്തിക്കും. സ്വഭാവത്താലേ ദൈവോന്മുഖനും ആത്മീയനുമായ മനുഷ്യൻ സ്രഷ്ടാവായ ദൈവത്തിൽനിന്ന് അകലാൻ മദ്യപാനം കാരണമാകുന്നു. ലഹരിവസ്തുക്കളെ ആസക്തിയോടെ സ്വീകരിക്കുന്നവരിൽ ദൈവചൈതന്യത്തെ സ്വീകരിക്കാനുള്ള വിമുഖത പ്രകടമാകുന്നു. ശാരീരികമായ താത്കാലിക സന്തോഷത്തിനുവേണ്ടി ലഹരിക്കു പിറകേ പോകുന്ന യുവജനത തങ്ങളെത്തന്നെ മരണസംസ്ക്കാരത്തിലേക്ക് നയിക്കുകയാണ്. ഇക്കാരണത്താലാണ് ഈശോ ഇപ്രകാരം മുന്നറിയിപ്പ് നല്കുന്നത്: “സുഖലോലുപത, മദ്യാസക്തി, ജീവിത വ്യഗ്രത എന്നിവയാൽ നിങ്ങളുടെ മനസ്സ് ദുർബലമാവുകയും, ആ ദിവസം ഒരു കെണി പാലെ പെട്ടന്നു നിങ്ങളുടെമേൽ വന്നു വീഴുകയും ചെയ്യാതിരിക്കുവാൻ ശ്രദ്ധിക്കുവിൻ” (ലൂക്കാ 21:34). ഈ മുന്നറിയിപ്പ് നമുക്ക് ഗൗരവമായെടുക്കാം.

"മദ്യം മനുഷ്യനെ മനുഷ്യനല്ലാതാക്കുന്നു. അവനെ അശക്ത നാക്കുന്നു. സ്വയം നശിപ്പിക്കുന്നു, ബന്ധുക്കളെ നശിപ്പിക്കുന്നു. മര്യാ ദയും ഔചിത്യവും നഷ്ടപ്പെടുത്തുന്നു". മദ്യപാനമെന്ന വിപത്തിനെ ക്കുറിച്ചുള്ള മഹാത്മാഗാന്ധിയുടെ ഈ വാക്കുകൾ ഇവിടെ പ്രസക്ത മാണ്. മനുഷ്യനിലെ മനുഷ്യത്വത്തെ നഷ്ടപ്പെടുത്തിക്കൊണ്ട് അവനെ വെറും മൃഗതുല്യനാക്കുന്ന ലഹരിയുടെ അടിമത്വത്തിൽ നിന്ന് മനു ഷ്യൻ വിമോചിതനാകേണ്ടതുണ്ട്. മുതിർന്ന തലമുറയോടും യുവതല മുറയോടുമൊപ്പം തന്നെ ബാല്യകൗമാരങ്ങളും മദ്യത്തിലേക്ക് തിരി യുന്ന അപകടകരമായ സാഹചര്യം നിലനിൽക്കുന്നുവെന്ന യാഥാർ ത്ഥ്യബോധത്തോടെ ഈ വലിയ വിപത്തിൽ നിന്ന് കേരളസമൂഹത്തെ രക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എല്ലാവർക്കും കട മയുണ്ട്. ജനാധിപത്യ സംവിധാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന സർക്കാരിന് ഈ തലത്തിലുള്ള ഉത്തരവാദിത്തം വളരെ വലുതാണ്. സമൂഹത്തിന്റെ, പ്രത്യേകിച്ച് കുടുംബങ്ങളുടെയും, സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും സുസ്ഥിതി ഉറപ്പുവരുത്തുവാൻ സർക്കാരിന് കടമ യുണ്ട്. അതിനായി, സർക്കാർ മദ്യനിരോധനം നടപ്പിലാക്കുകയും മദ്യ വിരുദ്ധ ബോധവത്കരണം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന തു മാത്രമാണ് പ്രതിവിധി.

മദ്യം ഉപയോഗിക്കുന്നതിൽനിന്ന് പൗരാണിക കാലം മുതൽ വിലക്ക് നിലനിന്നിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ബൈബിളിൽ കാണുന്ന മദ്യത്തിനെതിരേയുള്ള വിലക്കുകൾ മദ്യവി രുദ്ധ സംസ്കാരത്തിന്റെ ശക്തമായ പ്രതിഫലനങ്ങളാണ്. മദ്യമെന്ന ദൂഷ്യത്തിനടിമപ്പെടുന്ന ഏവനും തന്റെയും മറ്റുള്ളവരുടെയും ജീവിത ത്തിന്റെ ക്രമം തെറ്റിക്കുകയും സ്വയം അധഃപതിക്കുകയും ചെയ്യുന്നു. മദ്യപൻ വിചിത്ര കാഴ്ചകൾ കാണുകയും വികടത്തം ജല്പിക്കുകയും ചെയ്യും (സുഭാ 23:33). മദ്യപിക്കുമ്പോൾ അവൻ കല്പനകൾ മറക്കു കയും കഷ്ടപ്പെടുന്നവരുടെ അവകാശങ്ങൾ അവഗണിക്കുകയും ചെയ്യും (സുഭാ 31:5). മദ്യം ദുരിതവും ദു:ഖവും കലഹങ്ങളും അകാര ണമായ മുറിവുകളും ഉണ്ടാക്കുന്നു (സുഭാ 23:29). ആകർഷണീയങ്ങ ളായ മദ്യഷാപ്പുകളും മദ്യാസക്തിയും ദുർബലചിത്തനായ മനുഷ്യനെ മദ്യപാനമെന്ന ദൗർബല്യത്തിലേക്ക് എത്താൻ പ്രേരിപ്പിക്കുന്നതിനാൽ, മദ്യ നിരോധനവും മദ്യനിയന്ത്രണ സംവിധാനങ്ങളും മനുഷ്യനന്മയെ

ക്കരുതി രൂപപ്പെടുത്തണം. കൂട്ടുകാരുടെ പ്രേരണയിൽ മദ്യത്തിലേക്കും ലഹരിപദാർത്ഥങ്ങളിലേക്കും തിരിയുന്ന കുട്ടികളെ മാതാപിതാക്കളും അധ്യാപകരും അധികാരികളും ജാഗ്രതയോടെ പിന്തുടരണം. ലഹരിയുടെ പ്രലോഭനം ഒഴിയാബാധപോലെ പിൻതുടരുമ്പോൾ കൗൺസിലിംഗിലൂടെയും ചികിത്സകളിലൂടെയും ശരിയായ ബോധവത്കരണത്തിലൂടെയും ഭാവിയുടെ വാഗ്ദാനങ്ങളായ കുട്ടികളെ ഈ വിപത്തിൽനിന്ന് രക്ഷിക്കുവാനുള്ള നടപടികൾ ഉണ്ടാകേണ്ടതുണ്ട്.

നിർഭാഗ്യവശാൽ, മദ്യലഭ്യത കുറച്ചുകൊണ്ടുവരുന്ന നിലപാടുകളല്ല സംസ്ഥാന സർക്കാർ തുടർന്നു പോരുന്നത്. കേരളത്തിൽ മദ്യം ഗുരുതരമായ ആരോഗ്യ സാമൂഹ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു എന്നും ആയതിനാൽ മദ്യത്തിന്റെ ലഭ്യതയും ഉപഭോഗവും കുറച്ചുകൊണ്ടുവരാനുള്ള നയത്തിനായിരിക്കും സർക്കാർ മുൻഗണന നല്കുകയെന്നും മദ്യവർജ്ജനം പൊതുനയമായി സ്വീകരിക്കുമെന്നും മദ്യവർജ്ജന സന്ദേശം എല്ലാവരിലും എത്തിക്കുന്നതിന് കൂടുതൽ ശക്തമായ ഇടപെടലുകൾ സ്വീകരിക്കുമെന്നും അതിനായി സാക്ഷരതാ പ്രസ്ഥാനത്തിന്റെ മാതൃകയിൽ വിപുലമായ ജനകീയ ബോധവത്കരണത്തിന് സമിതികൾ രൂപീകരിക്കുമെന്നും മദ്യവിരുദ്ധ സമിതികളോട് ചേർന്നുനിന്ന് സർക്കാർ പ്രവർത്തിക്കുമെന്നും ഈ സർക്കാരിന്റെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ എടുത്തു പറഞ്ഞിരുന്നത് നടപ്പിലാക്കുവാൻ സർക്കാർ ആത്മാർത്ഥത കാണിക്കണം. മദ്യവർജ്ജനമാണ് സർക്കാർ നയമെന്ന് ആവർത്തിക്കുമ്പോഴും മദ്യത്തിന്റെ ലഭ്യത കുറയ്ക്കുവാൻ യാതൊരു നടപടിയും സ്വീകരിക്കാത്തത് മദ്യവർജ്ജന നയത്തെത്തന്നെ നിർവീര്യമാക്കുന്നു. പതിനായിരത്തിന് മുകളിൽ ജനസംഖ്യയുള്ള പഞ്ചായത്തുകളെ നഗരസ്വഭാവമുള്ളതായി കണക്കാക്കി മദ്യശാലകൾ തുടങ്ങുവാൻ അനുമതി നല്കിയത് പ്രകടന പത്രികയ്ക്ക് തന്നെ എതിരായ കാര്യമാണ്. പ്രതിവർഷം 10% ബെവ്കോ-കൺസ്യൂമർഫെഡ് ഔട്ട്ലറ്റുകൾ അടച്ചുപൂട്ടാനുള്ള തീരുമാനം അട്ടിമറിക്കപ്പെട്ടു എന്നു മാത്രമല്ല ബിയർ പബ്ബുകളുടെ നവീകരിച്ച സംവിധാനമായ, ബിയർ നിർമ്മിച്ച് അവിടെത്തന്നെ വില്പന നടത്തുന്ന മൈക്രോ ബ്രൂവറി യൂണിറ്റുകൾ സ്ഥാപിക്കാനും ഡിസ്റ്റലറികൾ സ്ഥാപിക്കാനും സർക്കാർ തയ്യാറായതും എതിർപ്പിനെ തുടർന്ന് തീരുമാനം മരവിപ്പിക്കേണ്ടി വന്നതും കേരളസമൂഹം മനസ്സിലാക്കിയ കാര്യങ്ങളാണ്. മദ്യ

ത്തിന്റെ വിഷയത്തിൽ ജനങ്ങളോടുള്ള പ്രതിബദ്ധത നിറവേറ്റുന്നതിൽ പ്രതിപക്ഷത്തിന്റെ പങ്കും പരിശോധനാവിഷയമാക്കേണ്ടതാണ്. പ്രതിപക്ഷം എതിർത്തത് മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിച്ചതിനെയല്ല മറിച്ച് ബ്രൂവറികൾക്ക് അനുമതി നല്കിയതിലെ നടപടിക്രമങ്ങളിലെ വീഴ്ച മാത്രമാണ്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ മദ്യവിമുക്ത സമൂഹത്തിനുവേണ്ടി പ്രവർത്തിക്കുവാൻ എല്ലാ രാഷ്ട്രീയ പാർട്ടികളും തയ്യാറാകേണ്ടത് അത്യാവശ്യമായി വന്നിരിക്കുകയാണ്.

ഭാഗിക മദ്യനിരോധനം പിൻവലിക്കാൻ തൊടുന്യായം പറഞ്ഞിരുന്നത് മദ്യലഭ്യത കുറഞ്ഞതുകൊണ്ട് മയക്കുമരുന്ന് ഉപയോഗം വർദ്ധിച്ചു എന്നാണ്. എന്നാൽ മദ്യത്തിന്റെ കുത്തൊഴുക്ക് അനുഭവപ്പെടുന്ന ഈ കാലഘട്ടത്തിലും മയക്കുമരുന്നിന്റെ ഉപയോഗം വ്യാപകമായി തുടരുന്നതിന്റെ കാരണം പറയാൻ ആരും തയ്യാറാവുന്നില്ല. നമ്മുടെ യുവതലമുറ മയക്കുമരുന്നിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നത് ഗുരുതരമായ സ്ഥിതിവിശേഷമാണ്. മദ്യവർജ്ജനത്തിലൂടെ മദ്യത്തിന്റെ ഉപയോഗമോ ലഭ്യതയോ കുറഞ്ഞില്ല എന്നു മാത്രമല്ല മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിക്കുകയും ചെയ്തു. ശക്തമായ നിയമസംവിധാനങ്ങളിലൂടെ ഇതിനെതിരേ നടപടി സ്വീകരിക്കണം. ഇതിനുവേണ്ടി എക്സൈസ്-പോലീസ്-ഫോറസ്റ്റ് റവന്യു സംവിധാനങ്ങളെ ഫലപ്രദമായി ഉപയോഗിക്കണം. മറിച്ചായാൽ സമൂഹത്തിന്റെയും കുടുംബത്തിന്റെയും നാശം ക്ഷണിച്ചുവരുത്തുകയായിരിക്കും ചെയ്യുക.

നവകേരളമെന്ന മുദ്രാവാക്യത്തിന് കേരളജനത നല്കിയ പിന്തുണ, തകർന്ന വീടുകളും പാലങ്ങളും പുനർനിർമ്മിക്കുന്നതിനുവേണ്ടി മാത്രമല്ല, എല്ലാ അർത്ഥത്തിലും പുതിയ കേരള സൃഷ്ടിക്കുവേണ്ടിക്കൂടിയാണ്. ചിന്തയിലും പ്രവൃത്തിയിലും പെരുമാറ്റത്തിലും അത് പ്രതിഫലിക്കണം. അഴിമതിവിരുദ്ധ കേരളം പോലെ, മാലിന്യവിമുക്ത കേരളം പോലെ, മദ്യവിമുക്ത കേരളവും നവകേരള നിർമ്മാണത്തിന്റെ ഭാഗമാകണം.

മദ്യമെന്ന മഹാവിപത്തിൽനിന്ന് രക്ഷനേടുന്നതിന് സർക്കാർ നടപടിയെ മാത്രം ആശ്രയിക്കുന്നത് പ്രശ്നപരിഹാരമാവുകയില്ല. ബോധവത്കരണ നടപടികൾ ഇടവകതലത്തിൽ ശക്തിപ്പെടുത്തേണ്ട

തുണ്ട്. മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ശക്തിപകരാൻ കെ.സി.ബി. സി. മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റുകൾ നമ്മുടെ എല്ലാ ഇടവകക ളിലും രൂപീകൃതമാകണം. കുടുംബങ്ങളിൽ മദ്യത്തിന്റെ ഉപയോഗം പൂർണമായും ഇല്ലാതാക്കാൻ ഇടവകകളും കുടുംബങ്ങളും ഫലപ്രദ മായ നടപടികൾ സ്വീകരിക്കണം. മദ്യത്തോടും ലഹരിവസ്തുക്കളോടും സന്ധിയില്ലാസമരം ചെയ്ത് കുടുംബങ്ങളെയും വ്യക്തികളെയും സംര ക്ഷിക്കുവാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം. അങ്ങനെ മദ്യവും ലഹ രിവസ്തുക്കളും ഇല്ലാത്ത ഒരു നവകേരള നിർമ്മിതിക്ക് നമുക്ക് ഒരു മിച്ചു പ്രവർത്തിക്കാം.

മിശിഹായിൽ സ്നേഹപൂർവം

**ബിഷപ് മാർ റെമജിയൂസ് ഇഞ്ചനാനിയിൽ**
ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ

**ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ

**ബിഷപ് ക്രിസ്തുദാസ് ആർ**
വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ

## സർക്കുലർ 12

# ജപമാലസഹോദരസംഘം

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

550 വർഷങ്ങൾക്കു മുമ്പ് ഭാഗ്യസ്മരണാർഹനായ ലിയോ പതിമൂന്നാമൻ പാപ്പായുടെ 'Ubi Primum' എന്ന തിരുവെഴുത്തിലെ നിബന്ധനകൾ ആധാരമാക്കി കത്തോലിക്കാസഭയിൽ പ്രവർത്തനമാരംഭിച്ച 'ജപമാല സഹോദരസംഘം' ലോകമെമ്പാടും വിവിധ രൂപതകളിൽ സ്ഥാപിക്കുന്നതിന് ഡൊമിനിക്കൻ സന്ന്യാസസഭാംഗങ്ങളാണ് ഭരമേല്പിക്കപ്പെട്ടിരിക്കുന്നത്. ഇന്ത്യയിലെ ഡൊമിനിക്കൻ പ്രോവിൻസ് ഇതുവരെ 14 രൂപതകളിലെ തിരഞ്ഞെടുക്കപ്പെട്ട ഇടവകകളിൽ 'ജപമാല സഹോദര സംഘങ്ങൾ' സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പ്രത്യേക യോഗങ്ങളോ, വരിസംഖ്യയോ ആവശ്യമില്ലാത്ത ഈ സംഘത്തിലെ അംഗത്വം മരണശേഷവും നിലനിൽക്കുന്നതാണ്. കൂടാതെ അംഗങ്ങൾക്ക് നിരവധി പൂർണ്ണ, ഭാഗിക ദണ്ഡവിമോചനങ്ങൾക്ക് അർഹതയും ലഭിക്കുന്നതാണ്. ഒരിടവകയിൽ 'ജപമാല സഹോദരസംഘം' സ്ഥാപിക്കുന്നതായുള്ള പ്രഖ്യാപനത്തോടെ അവിടത്തെ ഇടവകവികാരി പ്രസ്തുത സംഘത്തിന്റെ ഡയറക്ടറായി നിയമിതനാകുന്നു. കൂടാതെ ആ പള്ളിയുടെ അൾത്താര 'ജപമാല സഹോദരസംഘ'ത്തിന് പ്രത്യേകം സമർപ്പിക്കുന്നതിനാൽ ഈ അൾത്താര സന്ദർശിച്ച് പ്രാർത്ഥിക്കുന്ന വിശ്വാസികൾ പരിശുദ്ധ പാപ്പാമാർ അനുവദിച്ചിട്ടുള്ള ദണ്ഡവിമോചനങ്ങൾ പ്രാപിക്കുവാൻ പ്രാപ്തരാകുന്നു. നമ്മുടെ അതിരൂപതയിൽ സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രൽ, വല്ലാർപാടം ബസിലിക്ക, കൂനമ്മാവ്, തേവര, മാനാട്ടുപറമ്പ്, അങ്കമാലി യൂദാപുരം, എട്ടേക്കർ, തൃപ്പൂണിത്തുറ എന്നീ ദേവാലയങ്ങളിലാണ് ജപമാല സഹോദരസംഘം സ്ഥാപിക്കുന്നത് എന്ന് ഞാൻ നിങ്ങളെ അറിയിക്കുന്നു. പരിശുദ്ധ ജപമാലരാജ്ഞിയോടുള്ള പ്രത്യേക ഭക്തിയിൽ വളരാൻ ജപമാല സഹോദരസംഘങ്ങൾ നമ്മെ സഹായിക്കട്ടെ.

എറണാകുളം
25.02.2019

**✠ *ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

## സർക്കുലർ 13

# ദൈവകരുണയുടെ ഞായർ

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

ദൈവത്തിന്റെ മഹാകരുണയാണ് ക്രിസ്തുവിന്റെ പീഡാസഹന-മരണ-ഉത്ഥാന രഹസ്യങ്ങളിലൂടെ നമുക്ക് വെളിപ്പെട്ടുകിട്ടുന്നത്. ദൈവകരുണയുടെ അപ്പസ്തോലയായ വി. ഫൗസ്തീനയോട് യേശുനാഥൻ പറഞ്ഞു: "ദൈവകരുണയുടെ ചിത്രം ഈസ്റ്റർ കഴിഞ്ഞു വരുന്ന ഞായറാഴ്ച ആഘോഷമായി ആശീർവദിക്കപ്പെടണം. ആ ഞായറാഴ്ച ആയിരിക്കും ദൈവകരുണയുടെ തിരുനാൾ" (ഡയറി # 88). ഈ ആഹ്വാനം ശിരസ്സാവഹിച്ചുകൊണ്ട് വി. ഫൗസ്തീനയുടെ നാമകരണ കർമ്മങ്ങൾക്കിടയിൽ (30 ഏപ്രിൽ, 2000) വി. ജോൺപോൾ രണ്ടാമൻ പാപ്പാ ഈസ്റ്റർ കഴിഞ്ഞുവരുന്ന ഞായറാഴ്ച സാർവത്രിക സഭയിൽ കരുണയുടെ തിരുനാളായി പ്രഖ്യാപിച്ചു.

ദൈവപിതാവിനെപ്പോലെ കരുണയുള്ളവരായിരിക്കുവാൻ ഓർമിപ്പിച്ചുകൊണ്ട് 2015 ഡിസംബർ 8 മുതൽ 2016 നവംബർ 20 വരെ കരുണയുടെ ജൂബിലി വർഷമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയിലൂടെ ദൈവകരുണയുടെ കവാടം ദൈവം നമുക്കായ് തുറന്നു തരികയും ചെയ്തു. ഈ കാലഘട്ടത്തിന് ഏറ്റവും ആവശ്യമായ ദൈവകരുണയുടെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് വി. ഫൗസ്റ്റീനായെപ്പോലെ ദൈവകരുണയുടെ ഉപകരണമായി മാറുവാൻ ഈസ്റ്റർ കഴിഞ്ഞു വരുന്ന ഞായർ (2019 ഏപിൽ 28) ദൈവകരുണയുടെ തിരുനാൾദിനമായി ആചരിക്കുന്നത് ഉചിതമായിരിക്കുമെന്ന് നിങ്ങളെ ഞാൻ ഓർമ്മിപ്പിക്കുന്നു.

എറണാകുളം
25.02.2019

✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

## CIRCULAR 14

Dear and Rev. Fathers,

I bring to your notice the instructions given by the Food Safety and Standards Authority of India in connection with the distribution of 'NERCHA SADHYA', NERCHA KANJI' etc. I remind you to follow the directions of FSSAI and make the necessary arrangements as per the forthcoming Government regulations.

✠ **Joseph Kalathiparambil**
Archbishop of Verapoly

## The important instructions given in the meeting held by Food Safety and Standards Authority of India in Ernakulam Collectorate on 5th February 2019

- For distribution of cooked food items in the forms of 'NERCHA SADHYA', NERCHA KANJI' etc. in any Church / Temple etc. registration with FSSAI (Food Safety and Standards Authority of India) is a must.
- The registration can be made by applying through Akshaya Centres to the FSSAI office coming under the Assembly Constituency in which the Church /Temple is situated. The registration is to be applied for in the name of the Convenor of the committee formed for the purpose of distribution of cooked food items.
- Quality of the materials used is to be of good standards.
- A register is to be maintained showing the sources wherefrom the materials are procured, supported by bills of purchase.
- In case the preparation of food items is entrusted to any outside agency such as a catering service, the person concerned should have FSSAI license. Otherwise the committee formed for this purpose will be responsible.

- Where the distribution is to be made periodically such as once in a week, license from FSSAI is a must. This can be taken for one year or five years. The license is to be taken in the name of the convenor of the committee formed for this purpose. If any change in the names of persons responsible within the above period is required, it can be made through an application to FSSAI.
- It is the responsibility of the committee to ensure that the quality of the food is good and the preparation, cooking and distribution of food are done in most hygienic manner.

## NOTIFICATION - 7

### APPOINTMENTS

1. **Rev. Fr. Alex Kurisuparambil**
   Vice Chancellor
   Archdiocese of Verapoly
   Latin Archbishop's House
   Post Box No. 2581, Cochin - 682 031.

2. **Rev. Fr. Joseph Vakayil**
   Priest-in-Residence
   St. Jude Thaddeus Church
   Ettekar, Edathala - 683 564.

3. **Rev. Fr. Joseph Vibin Choothamparambil**
   Parish Priest
   St. Augustine's Church
   Moolampilly - 682 027.

## COMMISSIONS

4. **Rev. Fr. Josemon George Pazhanilath**
   Director of the Commission for Migrants &
   Director of Jesus Fraternity

5. **Very Rev. Msgr. Joseph Padiyaramparambil**
   Director of the Commission for Heritage

6. **Rev. Fr. Augustine Baiju Kuttickal**
   Director of the Commission for Temperance

25.02.2019
Ernakulam — Chancellor

# CASUS
## March, 2019

The penitential days and times in the universal Church are every Friday and season of lent (Can. 1250). Abstinence from eating meat or from another food prescribed by the conference of bishops is to be observed on each Friday of the Year, unless it is a solemnity; abstinence and fast are to be observed on Ash Wednesday and Good Friday (Can. 1251). The conference of bishops may determine more precisely the observance of fast and abstinence and may substitute other forms of penance for fast and abstinence, either in whole or in part, especially works of charity and pious exercises (Can. 1253). The following are exempt from the law of fast and abstinence: seamen, airport personnel, circus people, merchants, and nomads (although it is recommended to observe fast and abstinence on Good Friday if at all possible); and those aboard a ship or a plane for the duration of trip (See, John Paul II, MP, Stella Maris, Jan. 31, 1997, VI, §2, AAS 89 [1997] 209-216). The Christian faithful of the Catholic Church are aware of the practice of observing days of fasting and penance. They are laid down in the five precepts of the Catholic Church. The third precept is regarding abstention from eating meat and observing the days of fasting established by the Church. The obligation to do penance is not therefore a merely individualistic one: in the Church it implies a communitarian or social requirement which itself expresses the unity and the community of Christ's Church. Hence, the reason why specific 'days of penance are prescribed' for all.

**1. Which are the days prescribed by the Church for observing fast and abstinence?**

According to Canon 1249: All Christ's faithful are obliged by divine law, each in his or her own way, to do penance. However, so that all may be joined together in a certain common practice of penance,

days of penance are prescribed. On these days the faithful are in a special manner to devote themselves to prayer, to engage in works of piety and charity, and to deny themselves by fulfilling their obligations more faithfully and especially by observing fast and abstinence.

**The days of fast will be Ash Wednesday and Good Friday. The days of abstinence will be Ash Wednesday and all Fridays of the year.**

This Conference (Conference of Bishops approved at Nagpur, 1984) decrees that our faithful fulfill the obligation of abstinence, besides the traditional one of abstinence from meat, by choosing at least one of the following forms of prayer/penance/works of charity:

1. attending Mass or making a 15 minutes visit to be Blessed Sacrament or doing 15 minutes of reading of the Bible or a 15 minute meditation on the Passion of Our Lord or making the Way of the Cross;
2. missing breakfast or any one meal;
3. taking strictly vegetarian meals (avoiding fish and eggs as well);
4. abstaining from alcohol (for those who drink);
5. abstaining from smoking (for those who smoke);
6. abstaining from beverages (like tea/coffee between meals);
7. giving 10% of one's daily earnings in charity;
8. abstaining from meat for those for whom meat is part of their regular diet.

The Regional Episcopal Conferences or the diocesan Bishop may suggest other choices or restrict the above list as necessary.

**2. Is there any age limit for this observance and if so what are the limits?**

(See Canons 1250-1252.)

**3. Are there any differences between the Latin and Eastern Churches in the observance of these obligatory days?**

In the Code of Canons of the Eastern Churches, the age of the Christian faithful who are bound to observe abstinence and fasting is not specified. Therefore, all those who are bound to observe Church laws (merely ecclesiastical laws) according to the common law are bound to observe abstinence and fasting on the days prescribed by the church. According to **Canon 1490** of the Eastern Code, the ecclesiastical laws are applicable to all those who are above the age of seven. So, all those Christian Faithful who are aged above seven are bound to observe fast and to abstain on those days specified in the Code of Canons of the Eastern Churches and also on the days specified by the particular laws of the Church ***sui juris*** as far as their faithful are concerned. The upper age limit of sixty years fixed for fasting in the Latin Church is not binding on the members of the Eastern Catholic Churches. But a particular law of a Church ***sui juris*** can decide the manner in which fasting and abstinence are to be observed. Accordingly the particular law has laid down the manner in which the obligations of fasting and abstinence have to be fulfilled by the faithful of the Syro-Malabar Church. They are as follows:

a). Have only one full meal on days of fasting; on other two occasions light food can be eaten. The first day (?) in the season of Lent and Good Friday are the obligatory days of fasting. Besides, all other Fridays during Lent are also recommended for observance of fasting (Art. 158).

b) Abstinence from eating meat on all Fridays is obligatory. But the Fridays between Christmas and Epiphany and the first Friday after Easter are exempted from the obligation to abstain from eating meat (art. 159§1). Besides, the particular law of the Syro-

Malabar Church has recommended that abstinence should be observed on all days of Lent, period of Annunciation, all days of ***Moonnunombu***, ***Ettunombu*** and ***Pathinajunombu*** (art. 159 §2).

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre, Kakkanad, Kochi - 21